# അവൻ തെരുവുപ്രഭാഷകനോ?

**ശ്ലീഹാ ഏഴാം ഞായർലൂക്കാ 13 : 22-30**

ഡോ. ജോഷി മയ്യാറ്റിൽ

ഒന്നിച്ചു ഭക്ഷണം കഴിക്കുകയും പാനം ചെയ്യുകയും ചെയ്തവൻ എന്താണാവോ 'അറിയില്ല' എന്നു പറഞ്ഞത്? അവരുടെ തെരുവീഥികളിൽ പഠിപ്പിച്ചവന് അവരെ അറിയാതിരിക്കാനാവുമോ? ശ്ലീഹാക്കാലത്തിലെ അവസാനത്തെ ഞായറാഴ്ചയിലെ സുവിശേഷഭാഗം ഏറെ ചിന്തോദ്ദീപകമാണ്. ഇടുങ്ങിയ വാതിലിന്റെ സുവിശേഷമാണ് ഈ ഞായറാഴ്ച നാം ശ്രവിക്കുന്നത്. 'ഇടുങ്ങിയ വാതിൽ' സ്വാഭാവികമായും 'വിസ്തൃത വാതിലി'ന്റെ വിപരീതമാണ് (മത്താ7:13-14). യഹൂദരുടെയും ആദിമക്രൈസ്തവരുടെയും ധാർമ്മിക പ്രബോധനങ്ങളിൽ പാതിവായി ഉപയോഗിക്കപ്പെട്ടിരുന്ന സാഹിത്യബിംബമായ 'രണ്ടു മാർഗങ്ങൾ' (ജറെ 21:8; സങ്കീ 1:6; ഡിഡാക്കേ 1-6) ആണ് ഈ പ്രതീകത്തിന്റെ അടിസ്ഥാനം. ഇടുങ്ങിയ വാതിൽ മനുഷ്യന്റെ പരിശ്രമത്തെയും സ്വാതന്ത്ര്യത്തെയും അങ്ങേയറ്റം മാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. രക്ഷയ്ക്കായുള്ള മനുഷ്യന്റെ കഠിന പ്രയത്നം അനിവാര്യമാണ്. എന്നാൽ, പ്രയത്നം കൊണ്ടു മാത്രം കൈവരുന്നതല്ല രക്ഷ! 'ഇടുങ്ങിയ വാതിൽ' അടഞ്ഞവാതിലായി കഴിഞ്ഞാൽ പിന്നെ ഒന്നുകൊണ്ടും പ്രയോജനമില്ല. യേശുവിനോടു രക്ഷയെക്കുറിച്ചുള്ള ചോദ്യം ചോദിച്ചയാൾപോലും അടഞ്ഞ വാതിലിനു മുന്നിലാണു നില്ക്കുന്നത് എന്ന ധ്വനിയാണ് 'നിങ്ങൾ' എന്ന തുടർച്ചയായ പ്രയോഗത്തിലൂടെ 25-ാം വാക്യം നല്കുന്നത്. 25-ാം വാക്യത്തിനു ശേഷം വീട്ടുടമസ്ഥനിലേക്കാണു ഫോക്കസ് മുഴുവൻ. വീട്ടുടമസ്ഥൻ യേശുതന്നെയാണെന്നു വ്യക്തം; വാതിലിൽ മുട്ടുന്നവർ യേശുവിന്റെ സമകാലീനരാണെന്നും. യേശുവിനോടൊപ്പം ഭക്ഷിച്ചതുകൊണ്ടോ പാനം ചെയ്തതുകൊണ്ടോ യേശു തങ്ങളുടെ തെരുവുകളിൽ പഠിപ്പിച്ചതുകൊണ്ടോ കാര്യമില്ല. യേശുവിന്റെ പ്രബോധനങ്ങൾ ജീവിതത്തിൽ പ്രതിഫലിക്കുക എന്നതാണു പ്രധാനം. പഠിപ്പിച്ചതു വെറും തെരുവുപ്രസംഗമായിത്തീർന്നുപോയെങ്കിൽ ബധിരകർണങ്ങളും കഠിനഹൃദയങ്ങളുമാണ് അതിന് ഉത്തരവാദികൾ. ആ ജീവിതം എത്രയെത്ര ജന്മങ്ങളെ അർത്ഥവത്താക്കിത്തീർത്തു! അവിടുത്തെ പ്രബോധനങ്ങൾ എത്രയെത്ര ജീവിതങ്ങളെ സുന്ദരമാക്കിത്തീർത്തു! യേശുവിന്റെ കാരുണ്യം എത്രയെത്ര ജീവിതങ്ങൾക്ക് ആശ്വാസവും ആനന്ദവുമേകി! എന്നിട്ടും വാതിലിൽ മുട്ടുന്നവന് അവൻ തെരുവുപ്രഭാഷകൻ മാത്രം!!! ഒന്നാം സങ്കീർത്തനത്തിന്റെ പ്രമേയത്തോട് ഈ സുവിശേഷഭാഗം ഏറെ സമാനത പുലർത്തുന്നു. രണ്ടു വഴികളിൽ ഒന്ന് കർത്താവിന്റെ പ്രബോധനത്തിന്റെ മാർഗമാണ്; മറ്റേത്, ആ പ്രബോധനത്തിനു വിരുദ്ധമായ മാർഗവും.

പ്രബോധനത്തിൽ ശ്രദ്ധയൂന്നുന്നവരെ സങ്കീർത്തകൻ 'നീതിമാന്മാർ' എന്നു വിളിക്കുന്നു. പ്രതി-പ്രബോധനത്തിലൂടെ ചരിക്കുന്നവരെ വിശേഷിപ്പിക്കുന്നതോ 'ദുഷ്ടർ' എന്നും. 'കർത്താവു നീതിമാന്മാരുടെ മാർഗം അറിയുന്നു; ദുഷ്ടരുടെ മാർഗം നാശത്തിൽ അവസാനിക്കും' എന്ന വരികളോടെയാണ് സങ്കീർത്തനം അവസാനിക്കുന്നത്.' നിങ്ങൾ എവിടെ നിന്നാണെന്നു ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തിക്കുന്ന നിങ്ങൾ എന്നിൽ നിന്ന് അകന്നു പോകുവിൻ' എന്ന കർത്താവിന്റെ പ്രഖ്യാപനം യുഗാന്തവിധിയുടെ ലാഞ്ഛന പേറുന്നു ദൈവരാജ്യത്തിലെ വിരുന്ന് യഹൂദ-ക്രൈസ്തവചിന്തയെ ഏറെ ഊട്ടിയിട്ടുണ്ട്. ഏശ 25:6-7 ആണ് ഇതിന്റെ കലവറ: "ഈ പർവതത്തിൽ സർവജനതകൾക്കും വേണ്ടി സൈന്യങ്ങളുടെ കർത്താവ് ഒരു വിരുന്നൊരുക്കും - മജ്ജയും കൊഴുപ്പുമുറ്റിയ വിഭവങ്ങളും മേൽത്തരം വീഞ്ഞുമുള്ള വിരുന്ന്. സർവജനതകളെയും മറച്ചിരിക്കുന്ന ആവരണം-ജനതകളുടേമേൽ വിരിച്ചിരിക്കുന്ന മൂടുപടം - ഈ പർവതത്തിൽ വച്ച് അവിടന്ന് നീക്കിക്കളയും".

ഫ്രാൻസ് കാഫ്കയുടെ 'നിയമത്തിനു മുന്നിൽ' എന്ന ഉപമയിങ്ങനെ: ഒരു ഗ്രാമീണൻ നിയമത്തിലേക്കുള്ള പ്രവേശനത്തിനായി എത്തുന്നു. വാതിൽകാവല്ക്കാരൻ അയാളെ തടയുന്നു. തുറന്നുകിടക്കുന്ന വാതിലിലൂടെ അയാൾ എത്തിനോക്കുമ്പോൾ കാവല്ക്കാരൻ അയാൾക്കു താക്കീതു നല്കുന്നു: ഞാൻ ആദ്യത്തെ കാവല്ക്കാരൻ മാത്രമാണ്. ഇനിയുള്ള വാതിലുകൾക്ക് ഒന്നിനൊന്നു ക്രൂരരായ ആളുകളാണ് കാവൽ നില്ക്കുന്നത്. അയാൾ അനുസരണത്തോടെ അനുവാദത്തിനായി കാത്തുനില്ക്കുന്നു. ചിലപ്പോൾ കെഞ്ചുന്നു. കൈക്കൂലി പോലും നല്കുന്നു. പണം പോയെങ്കിലും ഫലമുണ്ടാകുന്നില്ല. നാളുകൾ കടന്നു പോയി. ഒടുവിൽ മൃതപ്രായനായി അനങ്ങാനാവാതെ കിടക്കുമ്പോൾ അയാൾ ചോദിക്കുന്നു: 'അല്ല, ഈ വാതിലിലേക്ക് ആരും ഇതുവരെ വന്നില്ലല്ലോ?' കാവല്ക്കാരന്റെ മറുപടി: 'ഇവിടെ ആരും വരില്ല. ഇതു താങ്കൾക്കു വേണ്ടി മാത്രം നിർമ്മിച്ച വാതിലാണ്-താങ്കളുടേതു മാത്രം! പക്ഷേ, ഞാനിപ്പോൾ അത് അടയ്ക്കാൻ പോവുകയാണ്'.

# നിത്യരക്ഷയിലേക്കുള്ള വാതിൽ

ഡോ. സൈറസ് വേലംപറമ്പിൽ

മനുഷ്യവർഗ്ഗത്തിനുവേണ്ടി കുരിശിലേറാനുള്ള ശ്രമത്തിൽ ജറൂസലേമിലേയ്ക്കുള്ള യാത്രയ്ക്കിടയിലാണ് ഇടുങ്ങിയ വാതിലിനെപ്പറ്റിയുള്ള ഉപമ ഈശോ അരുൾചെയ്തത്. രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോയെന്ന ഒരുവന്റെ ചോദ്യമാണ് ഈശോയെ ഈ പ്രബോധനം നൽകുന്നതിലേക്കു നയിച്ചത്. ചോദ്യത്തിനു നേരിട്ട് ഉത്തരം നൽകാതെ രക്ഷപ്രാപിക്കുന്നതിന് നീ എന്തു ചെയ്യണം എന്ന് ഈശോ പഠിപ്പിക്കുന്നു. 'ഞാൻ രക്ഷപ്പെടാൻ എന്തു ചെയ്യണം?' എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഈശോ നൽകുന്നത്. രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരും ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ യത്നിക്കണം എന്ന പ്രധാന സന്ദേശമാണിവിടെ ഈശോ പ്രഘോഷിക്കുന്നത്.

ഈശോ ഉയർത്തിക്കാട്ടിയ സുവിശേഷമൂല്യങ്ങളും ഇന്നത്തെ ലോകത്തിന്റെ ഗതിയും കാണുമ്പോൾ ഏതൊരു മനുഷ്യനും ചോദിച്ചുപോകുന്ന ചോദ്യമാണ് അയാൾ ഉന്നയിച്ചത്. ജീവിതകാലത്തു നന്മ ചെയ്യാതെ ദുഷ്ടരായി ജീവിക്കുന്നവർ തങ്ങൾക്കായി ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിലേക്കു പോകുമെന്നും നന്മചെയ്ത് ദൈവസ്നേഹത്തിലും സഹോദര സ്നേഹത്തിലും ജീവിക്കുന്നവർ തങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം കരസ്ഥമാക്കുമെന്നും സുവിശേഷങ്ങൾ ഉയർത്തിപ്പിടിക്കുന്ന നിത്യസത്യങ്ങളാണ്. ഈശോയുടെ പ്രബോധനങ്ങൾ എപ്പോഴും ഈ സത്യങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ടായിരുന്നു. ഇന്നത്തെ ലോകത്തു നടമാടുന്ന തിന്മയും പാപം പതിയിരിക്കുന്ന മനുഷ്യമനസ്സുകളും കാണുമ്പോൾ നമ്മളും ചോദിച്ചുപോകുന്ന ചോദ്യമാണ്. രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോയെന്ന്. ചുരുക്കം മനുഷ്യരല്ലേ നിത്യജീവനു യോഗ്യത നേടത്തക്കവിധം നന്മയിൽ ജീവിക്കുന്നുള്ളൂ. ഇക്കാലഘട്ടത്തിലും ധാരാളം ആളുകളും ക്രൂരത പ്രവർത്തിച്ചും ദൈവത്തെ ധിക്കരിച്ചും തങ്ങളുടെ തെറ്റുകൾക്കു മാപ്പു തേടാതെയും ജീവിക്കുന്നവരാണ്. ഈശോയുടെ അടുക്കൽവന്ന ആ മനുഷ്യൻ ഇക്കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയാണെങ്കിൽ അതേ ചോദ്യം തന്നെ ചോദിക്കുവാനുള്ള പ്രചോദനമായിരിക്കും അയാൾക്കും ഉണ്ടാകുന്നത്.

ഇടുങ്ങിയതും 'ഇന്ന്' നിങ്ങൾക്കായി തുറന്നിരിക്കുന്നതുമായ വാതിലിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും അതിന് ഒരു തീവ്രശ്രമം ആവശ്യമാണ്. സമ്മാനത്തിനായി ഓടുന്ന ഓട്ടക്കാരനെപ്പോലെ ശ്രമിക്കണം. പൗലോസ്ശ്ലീഹാ തിമോത്തിയോസിനു നൽകുന്ന ഉപദേശവും ഇതാണ്. 'ഇടുങ്ങിയ' സൂചിപ്പിക്കുന്നത് ദൈവികകല്പനകൾ അനുസരിച്ചുള്ള ജീവിതചര്യയാണ്. അതു വിശ്വാസത്തിന്റെയും മാനസാന്തരത്തിന്റെയും ജീവിതമാണ്.

പാപത്തിനും പ്രലോഭനങ്ങൾക്കുമെതിരേയുള്ള നിതാന്തസമരത്തിന്റെ ജീവിതമാണ്. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്ന മുറിയിൽ ജഡികവാസനകൾക്കു സ്ഥാനമില്ല. പണത്തിനോ സമ്പന്നതയ്ക്കോ മദ്യത്തിനോ സ്ഥലമില്ല; ഈശോയ്ക്കും നിനക്കും മാത്രം. ''ഞാനാകുന്നു വാതിൽ, എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും (യോഹ. 10:9).

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ ഇപ്പോൾ ലഭിച്ചിരിക്കുന്ന അവസരം സ്വീകരിക്കുക എന്നത് അടിയന്തിരാവശ്യമാണ്. കാരണം വാതിൽ നിത്യമായി തുറന്നുകിടക്കുകയല്ല. മാത്രവുമല്ല, 'അനേകർ പരിശ്രമിക്കും, എന്നാൽ രക്ഷപ്പെടുകയില്ല' എന്നത് സൂചിപ്പിക്കുക തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കമാണെന്നാണ്.പാപക്കെട്ടുകളുടെ ഭാരം ചുമലിലില്ലാത്തവർക്കു മാത്രമേ ആ ഇടുങ്ങിയ വാതിലിലൂടെ കടക്കാൻ പറ്റൂ. ഈശോയുടെ തിരുരക്തത്താൽ പാപക്കറ കഴുകിക്കളഞ്ഞവർക്കു മാത്രമേ ഈ വാതിലിലൂടെ പ്രവേശനമുള്ളൂ. മറ്റുള്ളവരെല്ലാം പുറന്തള്ളപ്പെടും. തങ്ങൾ നിത്യാഗ്നിക്ക് വിധിക്കപ്പെട്ടെന്ന് അറിഞ്ഞുകൊണ്ട് വാതിലിനു പുറത്തു നില്ക്കേണ്ടിവരുന്ന അവസ്ഥ എത്ര ദാരുണമായിരിക്കും! അവർ ചോദിക്കും, ''കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, പരദേശിയോ, നഗ്നനോ, രോഗിയോ, കാരാഗൃഹത്തിൽ കഴിയുന്നവനോ ആയിക്കണ്ടതും നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ?

ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ പുരുഷനും സ്ത്രീയും തന്റെ മനസ്സാക്ഷിയിലെ ദൈവവചനം ശ്രവിച്ച് നിത്യരക്ഷയ്ക്കാവശ്യമായ നന്മകൾ ചെയ്തു ജീവിക്കണം. ആ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവൻ ഈശോയോടൊത്ത് ദൈവരാജ്യത്തിൽ ഭക്ഷണത്തിനിരിക്കും.



# നിത്യജീവനിലേക്കുള്ള വഴി

**ഫാ.ജോർജ് ദാനവേലിൽ**

പരസ്യങ്ങളുടെ മാസ്മരികലോകത്തിലാണു നാമെല്ലാം ഇന്ന് ജീവിക്കുക. ഏത് ഉത്പ ന്നവും മനോഹരമായ പായ്ക്കറ്റുകളിലാക്കി ആകർഷകങ്ങളായ പരസ്യവാചകങ്ങളുമായി ഇന്ന് മാർക്കറ്റിൽ എത്തുന്നു. Content-ൽ ശ്രദ്ധപതിപ്പിക്കാതെ Packing-ൽ ശ്രദ്ധപതിപ്പിക്കുന്ന ഒരു സംസ്കാരമാണ് ഇന്നുള്ളത് എന്നു പലരും പറയാറുണ്ട്.

ഒരിക്കൽ ദൈവം തന്റെ ഒരു ഭക്തന്റെ ആഗ്രഹപ്രകാരം സ്വർഗ്ഗവും നരകവും കാണാൻ അവന് അനുവാദം നല്കി. സ്വർഗ്ഗകവാടത്തിൽ എത്തിയ ഭക്തൻകണ്ടത്. അനാർഭാടമായ ഒരു

കവാടമാണ്. എങ്കിലും ഉള്ളിൽ ശാന്തത തളംകെട്ടി നില്ക്കുന്ന അന്തരീക്ഷം. ഭക്തന് ഇത് ഇഷ്ടമായി. എന്നാൽ നരകകവാടത്തിന് അടുത്തെത്തിയപ്പോൾത്തന്നെ സ്വാഗതമോതാൻ തയ്യാറെടുക്കുന്ന വലിയ ശബ്ദഘോഷങ്ങൾ കേട്ടുതുടങ്ങി. ഈ ഒരുക്കങ്ങളും കാഴ്ചകളുമെല്ലാം ഭക്തനെ ഏറെ സന്തോഷിപ്പിച്ചു. എന്നാൽ മുന്നോട്ടു നടന്നുനീങ്ങിയപ്പോൾ കണ്ടത് പരസ്പരം കടിച്ചുകീറാൻ വെമ്പുന്ന നരകവാസികളെയാണ്. പുറത്തെ തയ്യാറെടുപ്പുകളും അകത്തെ കാഴ്ചകളും ഭക്തനെ ചിന്താകുലനാക്കി. ഭക്തന്റെ സംശയഭാവം കണ്ട് ദൈവം സഹായിക്കാൻ വന്നു. ''പുറത്തു കണ്ടത് നരകത്തിന്റെ പരസ്യവും''അകത്തു കണ്ടത് യഥാർത്ഥ നരകവും ദൈവം വിശദീകരിച്ചു കൊടുത്തു.

ഈശോയുടെ അത്ഭുതപ്രവർത്തനങ്ങൾ എല്ലാം കണ്ട് അവിടുത്തെ അനുഗമിച്ചവർക്ക് അവിടുത്തെ പ്രബോധനങ്ങൾ കേട്ടപ്പോൾ ഉള്ളിന്റെയുള്ളിൽ പലവിധ സംശയങ്ങൾ ഉയർന്നു തുടങ്ങി. അവിടത്തെ അനുഗമിച്ചാൽ രക്ഷ നേടാൻ സാധിക്കുമോ? ഇതായിരുന്നു അവരുടെ പ്രധാനസംശയം. ഈ സംശയം ദൂരീകരിക്കാനാണ് ഒരാൾ ചോദിച്ചത് 'രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ' എന്ന്. ഈ ചോദ്യത്തിനുത്തരമായിട്ടാണ് ഈശോ ഇടുങ്ങിയവാതിലൂടെ പ്രവേശിക്കാൻ ആഹ്വാനം നല്കുക. രക്ഷനേടാനുള്ള ആഗ്രഹം നല്ലതാണ്. എന്നാൽ, മനുഷ്യപ്രയത്നം ഇതിനാവശ്യമാണ്. പ്രയത്നിക്കാൻ തയ്യാറാകാതെ ആഗ്രഹം കൊണ്ടുമാത്രം ആർക്കും രക്ഷപ്പെടാൻ സാദ്ധ്യമല്ല. വാതിൽ ഇടുങ്ങിയതാണെങ്കിൽ അതിലൂടെ പ്രവേശിക്കാൻ പലപ്പോഴും തല അല്പം കുനിക്കേണ്ടി വന്നേക്കാം.

മനുഷ്യജീവിതത്തിന് ഒരു സവിശേഷതയുണ്ട്, അവന്റെ എല്ലാ പ്രവർത്തനങ്ങളിലും തെരഞ്ഞെടുപ്പ് നടത്താനുള്ള സ്വാതന്ത്ര്യം അവനുണ്ട്. രണ്ടിലേതെങ്കിലും ഒരു പാത അവനു തെരഞ്ഞെടുക്കാൻ കഴിയും നന്മയുടെ പാതയാണോ തിന്മയുടെ പാതയാണോ തനിക്കു വേണ്ടതെന്ന് അവനാണ് നിശ്ചയിക്കേണ്ടത്. സുവിശേഷചൈതന്യത്തിനനുസൃതമായി ജീവിക്കാനുള്ള ദൗത്യമാണ് ഓരോ ക്രൈസ്തവനുമുള്ളത്. ഈ ദൗത്യനിർവ്വഹണത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ക്ലേശങ്ങളെ ധൈര്യത്തോടും ആത്മാർത്ഥതയോടും കൂടെ നേരിടേണ്ടിയിരിക്കുന്നു. ത്യാഗത്തിനും സഹനത്തിനും ക്രൈസ്തവജീവിതത്തിൽ സ്ഥാനമുണ്ട്. രാജാവായിരുന്ന ഹെൻട്രി എട്ടാമന്റെ പ്രീതി സമ്പാദിക്കാനായി സഭയുടെ നിയമങ്ങൾ ധിക്കരിക്കാൻ തയ്യാറായ കർദ്ദിനാൾ വുൾസി മരിക്കുന്നതിനു മുമ്പ് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട തന്റെ ദയനീയസ്ഥിതിയോർത്തു പറഞ്ഞു: ''ഞാനെന്റെ രാജാവിനെ സേവിച്ചതിന്റെ പകുതി എന്റെ ദൈവത്തെ സേവിച്ചിരുന്നെങ്കിൽ ഇപ്രകാരം ഞാൻ എല്ലാവരാലും ഉപേക്ഷിക്കപ്പെടുകയില്ലായിരുന്നു.'' ശ്രേഷ്ഠവും മഹത്തരവുമായ നിത്യജീവനെ മുന്നിൽ കണ്ട് ജീവിക്കേണ്ടവനാണ് ഓരോ ക്രൈസ്തവനും.

തങ്ങൾ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും മക്കളാണെന്നും അതിനാൽത്തന്നെ രക്ഷിക്കപ്പെടുമെന്നുമുള്ള യഹൂദരുടെ അവകാശവാദത്തെയാണ് ഉപമയുടെ രണ്ടാം ഭാഗത്ത് ഈശോ ഖണ്ഡിക്കുക.

ദൈവരാജ്യത്തിന്റെ വാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുകയാണ്. ഈശോയെ സ്വീകരിച്ച് അവിടത്തെ ആഹ്വാനം ഉൾക്കൊണ്ട് അതനുസരിച്ച് ജീവിച്ചവരെ മാത്രം അകത്തു കടത്തി വാതിലടയ്ക്കും. കർത്താവേ കർത്താവേ എന്ന് തന്നെ വിളിക്കുന്നവനല്ല തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്നാണ് ഈശോ പഠിപ്പിച്ചത്. തെരഞ്ഞെടുക്കപ്പെട്ടവർ എന്നു കരുതിയവർ പുറം തള്ളപ്പെടുന്നതും പുറം തള്ളപ്പെട്ടവർ എന്നു കരുതിയവർ തെരഞ്ഞെടുക്കപ്പെട്ടതുമായ ചിത്രമാണ് ഉപമയിൽ കാണുക.

ഇടുങ്ങിയ വാതിലിലൂടെ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുവാൻ ഞെരുക്കങ്ങൾ സഹിച്ചാൽ പ്രതിസമ്മാനം ഉറപ്പാണ്. അതാണ് പൗലോസ്ശ്ലീഹാ പറയുക, 'എനിക്കായി നീതിയുടെ കിരീടം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്കു സമ്മാനിക്കും' (2 തിമോ. 4/8).



# ഇടുങ്ങിയ വാതിലും അടഞ്ഞ വാതിലും

ഫാ.ജോസഫ് ഇലഞ്ഞിമറ്റം

ദേവാധിദേവനായ സീയൂസിന്റെ മകനായ ഹെർക്കുലീസ് യൗവനത്തിലേക്കു കടന്നപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ തെളിഞ്ഞുവന്നത് രണ്ടു വഴികളായിരുന്നു ആദ്യത്തേത് സുഗമവും ഉല്ലാസപൂർണ്ണവുമായ സുഖലോലുപതയുടെ പാത. രണ്ടാമത്തേത് ആത്മനിയന്ത്രണവും കഠിനാദ്ധ്വാനവും അനിവാര്യമായ ധാർമ്മികപാത. ഇവയിലേതു തിരഞ്ഞെടുക്കണമെന്നറിയാതെ ധർമ്മസങ്കടത്തിലായ ഹെർക്കുലീസിന്റെ മുന്നിലേക്ക് രണ്ടു യുവതികൾ കടന്നുവന്നു. ആദ്യയുവതി സർവ്വാംഗവിഭൂഷിതയായ ഒരു സർപ്പസുന്ദരി. ലോകത്തിലുള്ള സകല സുഖങ്ങളും ആസ്വദിച്ച് തന്നോടൊന്നിച്ച് ആദ്യവഴിയിലൂടെ യാത്ര പോകാൻ അവൾ ഹെർക്കുലീസിനെ ക്ഷണിച്ചു. അധികം ആകർഷകമല്ലാത്ത മട്ടും ഭാവവുമായി രണ്ടാമത്തെ ശാലീനസുന്ദരി പ്രതിസന്ധികൾ നിറഞ്ഞ വഴിയിലേക്ക് ഹെർക്കുലീസിനെ ക്ഷണിച്ചു. പാത ദുർഘടമെങ്കിലും

അതിലെ യാത്ര ചെയ്താൽ ഉന്നതിയിലെത്തുമെന്ന് അവൾ ഉറപ്പുനല്കി. ഹെർക്കുലീസ് രണ്ടും കല്പിച്ച് പരിക്ഷകളും പരീക്ഷണങ്ങളും നിറഞ്ഞ രണ്ടാമത്തെ പാതതിരഞ്ഞെടുത്തു. തനിക്ക് മുമ്പിലുണ്ടായിരുന്ന പ്രതിബന്ധങ്ങളെ സധൈര്യം നേരിട്ട് അയാൾ അമർത്യതയുടെ വരം നേടിയെടുക്കുകയും തുടർന്ന് ഒളിമ്പസ് മലയിൽ ദേവന്മാരോടൊപ്പമുള്ള സ്ഥാനം കരഗതമാക്കുകയും ചെയ്തു.

സുവിശേഷത്തിലെ ഇടുങ്ങിയ വാതിൽ ഒരു പ്രതീകമാണ്. ത്യാഗത്തിന്റെയും സഹനത്തിന്റെയും അധ്വാനത്തിന്റെയും ഒക്കെ മാർഗ്ഗമാണത്. ഈശോ പറയുന്ന നാശത്തിലേക്കുള്ള വാതിൽ ജഡികതയും ഭോഗാസക്തിയും നിറഞ്ഞ് സുഖസന്തോഷങ്ങളുടെ വിശാലമായ വഴിയാണ്. യുവാവായിരുന്ന ഹെർക്കുലീസ് അഭിമുഖീകരിച്ചതിലേറെ പ്രലോഭനം നമ്മുടെ തലമുറ നേരിടുന്നുണ്ട്. ഒരുവശത്ത് വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന മാധ്യമങ്ങളുടെ അതിപ്രസരവും, ഉപഭോഗസംസ്കാരം ഉയർത്തുന്ന ജഡികപ്രലോഭനങ്ങളും. മറുവശത്ത് ആധ്യാത്മികതയുടെയും ധാർമ്മികതയുടെയും ആൾരൂപമാകാനുള്ള ഉൾവിളിയും. ഇവയിലേതുതിരഞ്ഞെടുക്കും എന്നതിനനുസരിച്ചാണ് നമ്മുടെ ജീവിതത്തിന്റെ അവസാനം നിശ്ചയിക്കപ്പെടുക.

ഈശോ ഇടുങ്ങിയ വാതിലിനെപ്പറ്റി പഠിപ്പിക്കുന്നത് യഹൂദന്റെ നിത്യാനുഭവത്തിൽ നിന്നുമാണ്. യാത്രയുടെ സുവിശേഷമായ ലൂക്കായുടെ സുവിശേഷത്തിൽ തന്റെ യാത്രക്കിടയിലാണ് ഈശോ ഇടുങ്ങിയ വാതിലിനെപ്പറ്റി പഠിപ്പിക്കുന്നത്. നിരവധി ആക്രമണങ്ങൾ ശത്രുക്കളിൽ നിന്ന് നേരിടേണ്ടിവന്ന യഹൂദ ജനത പഠിച്ച ഒരു പാഠമാണ് തങ്ങളുടെ കോട്ടകൾക്കും സമ്മേളന നഗരിക്കും ഒക്കെ ഇടുങ്ങിയ വാതിൽ സ്ഥാപിക്കുക എന്നത്. യുദ്ധസമയത്തും ആക്രമണമുള്ളപ്പോഴും അവർ പ്രധാന കവാടം അടച്ചിട്ട് ചെറിയവാതിലിലാണ് പ്രയോജനപ്പെടുത്തുക. അശ്വാരൂഢരായി ഇതിലേക്കു പ്രവേശിക്കാനോ ശത്രുസൈന്യത്തിന് ഇരച്ചുകയറാനോ കഴിയാത്ത ഈ വാതിലിലൂടെ ഒറ്റയ്ക്കൊറ്റയ്ക്ക് കടന്നുവരുന്നവരെ കീഴ്പ്പെടുത്താനും വളരെ എളുപ്പമാണ് ഇതാണ് ഇടുങ്ങിയ വാതിലിന്റെ പ്രസക്തി ആത്മനിയന്ത്രണത്തിന്റെ ഇടുങ്ങിയവാതിൽ നമ്മുടെ ജീവിതത്തിലും ആത്മീയസമരത്തിൽ ജീവിക്കാൻ ആവശ്യമാണ് നമ്മുടെ ജീവിതം ആത്മീയസമരത്തിന്റെ കുരുക്ഷേത്രമെന്നും അവിടെ എടുത്തുപയോഗിക്കേണ്ട ആയുധങ്ങളേവയെന്നും വി.പൗലോസ് ഓർമ്മപ്പെടുത്തുന്നുണ്ട് (എഫേ 6:12-17). ഈ സമരത്തിൽ വിജയിക്കുന്നവനാണ് ദൈവം നീതിയുടെ കിരീടം സമ്മാനിക്കുക (2 തിമോ4: 7-8).

ഇടുങ്ങിയ വാതിൽ ഒന്നാമതായി ദുർമാർഗ്ഗങ്ങളെയും ദുർശീലങ്ങളെയും വെടിയലാണ്. രണ്ടാമതായി ദൈവപ്രമാണമനുസരിച്ചുള്ള ജീവിതമാണ്. മൂന്നാമതായി അത് അപരനുമായി

പങ്കുവയ്ക്കുന്ന അവനുവേണ്ടി സഹിക്കുന്ന ജീവിതശൈലിയാണ്. നാലാമതായി ദൈവവുമായി ഉള്ള ആത്മബന്ധം ഭൗതികമായ കാഴ്ച്ചപ്പാടിലൂടെ നോക്കിയാൽ പോലും ഇടുങ്ങിയ വാതിലിന് ഏറെ പ്രസക്തിയുണ്ട്. അധ്വാനിച്ച് കഷ്ടപ്പെടുന്ന കർഷകനാണ് നല്ല വിളവ് ലഭിക്കുക. കഷ്ടപ്പെട്ട് പഠിക്കുന്ന വിദ്യാർത്ഥിക്കാണ് ഉന്നതവിജയം ഉണ്ടാകുന്നത്. ബിസിനസിനും ഗവേഷത്തിലും എല്ലാം നേട്ടം കൊയ്യാൻ അധ്വാനിക്കുന്ന നാം നിത്യരക്ഷയുടെ കാര്യത്തിൽ അലംഭാവം നടിക്കരുത്. എന്നാണ് ഈ വചനഭാഗം ഓർമ്മപ്പെടുത്തുന്നത്. ആത്മീയസമരത്തിൽ വിജയിക്കണമെങ്കിൽ പ്രലോഭനങ്ങളെ അതിജീവിക്കാൻ ആത്മനിയന്ത്രണം വേണം തിന്മകളെ വെടിയണം. ഉള്ളത് പങ്കുവയ്ക്കണം ദൈവസന്നിധിയിൽ സമയം ചെലവഴിക്കണം ഇവയില്ലാതെ ചരിക്കുന്നവരെ പഴയനിയമം ഓർമ്മിപ്പിക്കുന്നു. 'പാപിയുടെ പാത കല്ലുപാകി മിനുസപ്പെടുത്തിയിരിക്കുന്നു. അത് ചെന്നവസാനിക്കുന്നത് പാതാളത്തിലാണ് (പ്രഭ 21.10)'.

ഇടുങ്ങിയ പാതയെപ്പറ്റിയുള്ള വിചിന്തനത്തിൽ നിന്ന് സുവിശേഷകൻ അടച്ചവാതിലിലേക്ക് നമ്മെ കൈപിടിച്ചുകൊണ്ടു പോകുന്നു. അടച്ചവാതിൽ നിത്യവിധിയെ കുറിക്കുന്നതാണ് വിശാലമായ വാതിൽ ചെന്നവസാനിക്കുന്നത് ഈ അടച്ചവാതിലിനും മുമ്പിലാണ്. ഇടുങ്ങിയവാതിൽ കടന്നു കടന്ന് ചെല്ലുന്തോറും നിത്യരക്ഷയുടെ വിശാല വിതാനത്തിലേക്ക് നാം എത്തിപ്പെടും. അടഞ്ഞുകിടക്കുന്ന രക്ഷയുടെ വാതിലിനുമുമ്പിൽ നിന്ന് അനേകർ വിലപിക്കുന്നു പക്ഷേ ഈശോ പറയുന്നു താൻ അവരെ അറിയുകയേ ഇല്ലായെന്ന്. എങ്ങനെ അറിയും? അവർ പാപം ചെയ്ത് മിശിഹായുടെ ശരീരത്തിൽനിന്ന് വേർപെട്ടുപോയില്ലേ? മാമ്മോദീസാ സ്വീകരിച്ചതോ സ്ഥിരമായി കുർബ്ബാനയിൽ പങ്കെടുക്കുന്നതോ അവന്റെ വചനം പറയുന്നതോ ഒന്നും അവനെ സ്നേഹിതനാക്കുന്നില്ല. അനുഷ്ഠാനപരമായി മാത്രം ആത്മീയ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത് പ്രായോജനം ചെയ്യുന്നില്ല മറിച്ച് ആത്മനിയന്ത്രണത്തിന്റെയും ത്യാഗത്തിന്റെയും ഇടുങ്ങുയ വാതിലിലൂടെ പ്രവേശിക്കുകയാണ് വേണ്ടത്. രക്ഷപ്രാപിക്കുന്നവരുടെ എണ്ണം ചുരുക്കമാണോ എന്ന് ആശങ്കപ്പെടുന്നതിലും ആവശ്യം നാം പിൻതള്ളപ്പെട്ടു പോകാതിരിക്കുകയാണ്. നമ്മുടെ ഒരുക്കമില്ലായ്മ താല്പര്യമില്ലായ്മ്മ എന്നിവ മൂലം നിത്യരക്ഷയുടെ വാതിൽ അടഞ്ഞ് പോകാതെ ശ്രദ്ധിക്കണം. ജോനർ ബന്യന്റെ 'പിൽഗ്രിംസ് പ്രോസസ്' എന്ന കൃതിയിൽ ജീവിതത്തെ ഒരു യാത്രയായി ചിത്രികരിച്ചിരിക്കുന്നു. മുഖ്യകഥാപാത്രമായ ക്രിസ്റ്റ്യൻ നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്ത് കോട്ടവാതിൽക്കലെത്തിയപ്പോൾ യുദ്ധം ചെയ്യാതെ അകത്തുകടക്കാനാവില്ല എന്ന് മനസിലായി ഇതറിഞ്ഞ് പലരും പിൻവാങ്ങി അപ്പോൾ ഒരുമനുഷ്യൻ മുന്നോട്ടുവന്ന് കാര്യവിചാരിപ്പുകാരനോടു പറഞ്ഞു 'എന്റെ പേർ എഴുതിയെടുക്കു ഞാൻ യുദ്ധത്തിന് തയ്യാർ' ഈ ആത്മിയസമരത്തിന്

നമക്കും തയ്യാറെടുക്കാം. കൊറിയൻ പ്രഭാഷകനും ആത്മീയ ഗ്രന്ഥകാരനുമായ കൊസുക്കേ കൊയാമയുടെ '50 മെഡിറ്റേഷൻസ്' എന്ന ഗ്രന്ഥത്തിൽ ജീവിതത്തെപറ്റിയുള്ള നമ്മുടെ അടിസ്ഥാന കാഴ്ചപ്പാട് എന്ത് അത് വിനോദയാത്രയാണോ, തീർത്ഥാടനമണോ എന്ന് ധ്യാനിക്കാനാവശ്യപ്പെടുന്നുണ്ട്. വിനോദയാത്രികനെങ്കിൽ കോട്ടവാതില്ക്കലെ ഒരു കബന്ധമായി നാമവശേഷിക്കും. തീർത്ഥാടകനെങ്കിലോ യുദ്ധം ജയിച്ച് കോട്ടയ്ക്കുള്ളിലെ സുവർണ്ണ സിംഹാസനത്തിൽ വിരാജിക്കാം.